പൂർത്തിയാകാത്തതിനാലും അന്യത്ര സേവനം, കരാർ, ദിവസ വേതനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരം സർക്കാർ അനുമതിയോടെ നിയമനങ്ങൾ നടത്തുന്നുണ്ട്.

(ഡി) 18 പേരെ പുതുതായി നിയമിച്ചു. സർക്കാർ നിർദ്ദേശപ്രകാരം ഒരു താൽക്കാലിക ജീവനക്കാരനെ പിരിച്ചു വിട്ടിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) നിയമനങ്ങൾ പി.എസ്.സി-യ്ക്ക് വിട്ടുകൊണ്ട് 1999-ൽ ഉത്തരവായി എങ്കിലും സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടില്ലാത്തതിനാലും പബ്ലിക് സർവ്വീസ് ആക്ടിന്റെ പരിധിയിൽ നിയമനങ്ങൾ ഉൾപ്പെടുത്താനുള്ള പ്രക്രിയ പൂർത്തിയാകാത്തതിനാലും കെ.എസ്.ആന്റ് എസ്. എസ്. ആർ. റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് 3 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ജി) 31-12-2010-ൽ 70 ജീവനക്കാരുണ്ട്.

**ഔപചാരിക വിദ്യാഭ്യാസമില്ലാത്തതിന്റെ പേരിൽ ഗണിതശാസ്ത്രരംഗത്ത് പ്രതിഭകൾ തഴയപ്പെടുന്ന അവസ്ഥ**

**46 (2049)** ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔപചാരിക വിദ്യാഭ്യാസമില്ലാത്തതിന്റെ പേരിൽ ഗണിതശാസ്ത്ര രംഗത്ത് പുതിയ കണ്ടുപിടിത്തങ്ങളിലൂടെ അന്താരാഷ്ട്ര തലത്തിൽ വിദേശ സർവ്വകലാശാലകളും, ശാസ്ത്ര- ഗണിതശാസ്ത്ര സ്ഥാപനങ്ങളും അംഗീകരിച്ച പ്രതിഭകൾ കേരളത്തിൽ ഒരു അംഗീകാരവും ലഭിക്കാതെ തഴയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഗണിതശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പ്രതിഭയും മികവും തെളിയിച്ചവരെ കണ്ടെത്തി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം വ്യക്തികൾക്ക് അർഹതപ്പെട്ട സ്ഥാനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരത്തിൽ ലോകം അംഗീകരിച്ച ശാസ്ത്രജ്ഞൻമാർക്ക് തുല്യരായവരെ അംഗീകരിക്കുന്നതിനും സ്ഥാനങ്ങൾ നൽകുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം വ്യവസ്ഥകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ -ഡി) ശാസ്ത്ര നേട്ടങ്ങൾ അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചേർത്തല നടുവിലപ്പറമ്പിൽ ശ്രീ. എൻ. കെ. രാഘവൻ എന്ന വ്യക്തിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly